നം.എച്ച്1-73666/2012/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം
തീയതി : 10/12/12

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും /ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം:- 2012-13 വർഷത്തെ എൽ.എസ്.എസ്, യു.എസ്.എസ്, പരീക്ഷയും പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ടെസ്റ്റും നടത്തുന്നതിന് തയ്യാറാക്കിയ പുതിയ സോഫ്റ്റ്‌വെയർ- സംബന്ധിച്ച്.

സൂചന:- 19/10/2012 തീയതിയിലെ ഇതേ നമ്പർ വിജ്ഞാപനം.

2012-13 വർഷത്തെ എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷയും സ്ക്രീനിംഗ് ടെസ്റ്റും നടത്തുന്നതിനായി പരീക്ഷാഭവൻ ഒരു പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ഈ സോഫ്റ്റ് വെയർ മുഖാന്തിരമാണ് പരീക്ഷാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തേണ്ടത്. ഇതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രതിനിധികൾക്ക് പ്രത്യേകം പരിശീലനം ഡിസംബർ 5,6,7 തീയതികളിൽ നൽകുകയുണ്ടായി.

എൽ.എസ്.എസ്, യു.എസ്.എസ്, പരീക്ഷയും പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ടെസ്റ്റും നടത്തുന്നതിനായി കഴിഞ്ഞ വർഷത്തെ പോലെ ജില്ലാതല സമിതിയാണ് പരീക്ഷാകേന്ദ്രങ്ങൾ തീരുമാനിക്കേണ്ടത്.

ഓരോ സെന്ററിലുമുള്ള പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ സോഫ്റ്റ്‌വെയർ തന്നെ തയ്യാറാക്കി നൽകുന്നതാണ്. ഡിസംബർ 12 മുതൽ 18 വരെയാണ് പരീക്ഷാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തേണ്ടത്. മൂല്യനിർണ്ണയ ക്യാമ്പിൽ വച്ച് കുട്ടികൾക്ക് ലഭിക്കുന്ന മാർക്ക് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതാണ്. ഇതിന്റെ പരിശോധന ഡയറ്റിന്റെ നേതൃത്വത്തിൽ പിന്നീട് നടത്തേണ്ടതാണ്. തുടർന്ന് പരീക്ഷാഫലം സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ തയ്യാറാക്കുകയും ജില്ലാതല സമിതി ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതിനുള്ള പരിശീലനം ഡയറ്റ് പ്രതിനിധികൾക്ക് പിന്നീട് നൽകുന്നതാണ്.

വിശ്വസ്തതയോടെ

10/12/12
സെക്രട്ടറി

പകർപ്പ്:-

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

(പ്രസ്തുത വിവരം ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരെ അറിയിക്കേണ്ടതാണ്.)